പേർ പിറവം ആശുപത്രിയിലുണ്ട്. അവിടെ ഓണക്കൂർ ക്ഷേത്രത്തിൽ ഉച്ചപ്പൂജ യോടടുത്തു നടന്ന ഒരു ക്രമീകരണത്തിലാണ് ഈ കതിനകൾക്ക് തീപിടിച്ചത്. അതിന്റെ സമീപത്തുണ്ടായിരുന്ന ചക്രങ്ങളുള്ള വലിയ പത്തായത്തിൽ സൂക്ഷിച്ചിരുന്ന വെടിമരുന്നിലേക്ക് തീ പടർന്നപ്പോഴാണ് വളരെ വ്യാപകമായ പൊട്ടിത്തെറിയുണ്ടായത്. ചിന്നൻ എന്നുപറഞ്ഞയാൾ ഹരിജൻ വിഭാഗത്തിൽപെട്ടയാളാണ്. ഇവരാരും വെടിക്കെട്ടുമായി ബന്ധപ്പെട്ടയാളുകളല്ല. ഇപ്പോൾ മെഡിക്കൽ കോളേജാശുപത്രിയിൽ ഗുരുതരമായി പരിക്കേറ്റു കിടക്കുന്ന മൻമഥൻ നായരാണ് കതിന നിറച്ചുകൊണ്ടിരുന്നത്. അവിടെ സമീപത്ത് ക്ഷേത്രത്തിൽ വന്നിരുന്ന ആളുകൾക്കാണ് പരിക്കുപറ്റിയത്. ഞാൻ മനസ്സിലാക്കിയിടത്തോളം യാതൊരു സഹായവും അവർക്ക് ഗവൺമെന്റിൽനിന്ന് കൊടുത്തിട്ടില്ല. മരിച്ച ഒരാൾ ഹരിജനാണ്. അയാൾക്ക് മൂന്നു മക്കളുണ്ട്. വളരെ നിർദ്ധന കുടുംബമാണ്. രണ്ടും മൂന്നും സെന്റു സ്ഥലത്താണ് താമസിക്കുന്നത്. മറ്റു രണ്ടുപേരും അവിവാഹിതരായ ചെറുപ്പക്കാരാണ് മരിച്ചത്. എല്ലാവരും പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്. എന്തെങ്കിലും സഹായം കൂടി ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അവർക്ക് ആവശ്യമായിട്ടുണ്ട്. വളരെ ഗൗരവമായ ഒരു സംഭവമാണ് ഉണ്ടായിരിക്കുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകമായി താല്പര്യം കാണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 19.3.2000-ത്തിന് എറണാകുളം ഓണക്കൂർ പാണ്ഡ്യൻപാറ ദേവി ക്ഷേത്രത്തിൽ മീനപ്പൂര മഹോൽസവത്തോടനുബന്ധിച്ച് വെടിക്കെട്ടിനുള്ള കതിന നിറച്ചുകൊണ്ടിരിക്കവെ മുപ്പതിൽപ്പരം കതിനകൾക്ക് തീപിടിച്ച് പൊട്ടിത്തെറിക്കുകയുണ്ടായി. ഇതിൽ എട്ടുപേർക്ക് പരിക്കു പറ്റുകയും അവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും ചെയ്തു. കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ചിന്നൻ(37) മാർച്ച് 21-നും മധു മാർച്ച് 21-നും രഘു ഇന്നു രാവിലെയും മരണപ്പെട്ടു. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 53/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ഈ ദുരന്ത സംഭവത്തിന് ഇടയാക്കിയ കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതാണ്. മരണപ്പെട്ട ആളുകളുടെ കുടുംബത്തിന് ഉചിതമായ സാമ്പത്തികസഹായം നൽകുന്നതാണ്.

(5) ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

ശ്രീമതി കെ. ആർ ഗൗരിയമ്മ : സർ, 1996-ൽ ചാരായ നിരോധനം മൂലം പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. ഇപ്പോൾ ഷാപ്പുലേലം നടന്നിരിക്കുകയാണ്. ഏതാണ്ട് അയ്യായിരത്തോളം കള്ളുഷാപ്പുകളിൽ ലേലം നടന്നിട്ടുണ്ട്. പന്ത്രണ്ടായിരത്തിൽപ്പരം ചാരായത്തൊഴിലാളികളുണ്ട്. അതിൽ 57 പേർ മരിച്ചു: എന്നു പറഞ്ഞാൽ, അവർ ജീവനൊടുക്കി. മാവൂരിൽ 13 പേരാണ് ജീവനൊടുക്കിയിരുന്നത്. ഇവിടെ 57 പേർ ജീവനൊടുക്കി. ഇവർക്ക് ഗവൺമെന്റ് മുപ്പതിനായിരം രൂപ പ്രതിഫലമായി കൊടുത്ത് റിഹാബിലിറ്റേറ്റുചെയ്യുമെന്നാണ് പറയുന്നത്. മൂന്നുവർഷം കഴിഞ്ഞാൽ മുപ്പതിനായിരം രൂപ കൊണ്ട് ഒന്നുമാവുകയില്ല. അവരെല്ലാം കട ബാദ്ധ്യസ്ഥരാണ്. ഇന്ന് ലേലം ചെയ്യപ്പെട്ട കള്ളുഷാപ്പുകളിൽ അയ്യായിരം ഷാപ്പുകളുണ്ട്. ആ ഷാപ്പുകളിൽ വിൽപ്പനക്കാരായി ഒരാളെ വീതമെടുത്താൽ ഗവൺമെന്റിന് അത് പറയാം. ഗവൺമെന്റ് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ നടക്കുകയും ചെയ്യും. ഗവൺമെന്റ് എക്സൈസ് ഡിപ്പാർട്ടുമെന്റിനോട് പറഞ്ഞാൽ മതി. അതുകൊണ്ട് ഒരാളെവീതമെങ്കിലും ലേലം നടന്നതായിട്ടുള്ള ഷാപ്പുകളിൽ ഏൽപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് ഗവൺമെന്റിന്റെ ഇൻഫ്ലുവൻസുപയോഗിക്കണം. ഗവൺമെന്റിന് ഇവരെ റിഹാബിലിറ്റേറ്റ് ചെയ്യാമായിരുന്നു. അവർക്ക് നീതിസ്റ്റോറിലോ മറ്റോ ഒക്കെ കൊടുക്കാം. മനുഷ്യർ അങ്ങനെയാണ്. കൂട്ടമായി വച്ചുകൊണ്ട് ചെയ്യുന്നതായിട്ടുള്ള നടപടികൾ അങ്ങനെയാണ്. പണ്ടൊക്കെ, ബാലവാടിയിൽ നിന്ന് പിരിച്ചുവിട്ട ആളുകളെ നമ്മൾ അങ്ങനെയാണ് റിഹാബിലിറ്റേറ്റുചെയ്തത്. അങ്ങനെ ഇവരെയും റിഹാബിലിറ്റേറ്റുചെയ്യുന്നതിനുള്ള നടപടി ഈ സർക്കാരിൽ നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, 1996-ഏപ്രിൽ മാസം 1-ാം തീയതി സംസ്ഥാനത്ത് ചാരായ നിരോധനം നിലവിൽ വന്നു. സ്വാഭാവികമായും ആ മേഖലയിൽ ജോലി ചെയ്യുന്ന 22,500-ൽപ്പരം ചാരായത്തൊഴിലാളികൾ തൊഴിൽരഹിതരായി. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ബാദ്ധ്യതകൾ ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കാൻ അന്ന് സംസ്ഥാന ഗവൺമെന്റ് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ചുള്ള ലേബർ കമ്മീഷണറുടെ റിപ്പോർട്ട് അദ്ദേഹം സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, തൊഴിൽരഹിതരായ ചാരായത്തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലെന്നുകണ്ട് അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രിയുടെയും എക്സൈസ് വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി, ബി.എം.എസ് തുടങ്ങിയ ട്രേഡ് യൂണിയനുകളിലുള്ള എല്ലാവരേയും വിളിച്ചിരുന്നു. എല്ലാവരുമിരുന്ന് ഡിസ്ക്കസ് ചെയ്തു സെറ്റിൽമെന്റായി. ആ സെറ്റിൽമെന്റുപ്രകാരം ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും തൊഴിൽ രഹിതരായിട്ടുള്ള ഓരോ തൊഴിലാളിക്കും മുപ്പതിനായിരം രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ 36,99,90,000 രൂപ 12,000-ൽ ചിലാനം തൊഴിലാളികൾക്ക് മുപ്പതിനായിരം രൂപവച്ച് കൊടുക്കാൻ ബജനാവിൽ നിന്നും ചെലവായി. ഇത് കൊടുത്തുകഴിഞ്ഞു. ഇതല്ലാതെ മറ്റ് മാർഗ്ഗമില്ല. പന്ത്രണ്ടായിരത്തിൽപ്പരം തൊഴിലാളികൾക്ക് പുനരധിവാസത്തിനു പകരം പിരിച്ചുവിടൽ കോമ്പൻസേഷൻ ഗവൺമെന്റ് കൊടുക്കുന്ന ഒരു പ്രീസിഡന്റ് ഇതിന് മുൻപില്ലായിരുന്നു. മുപ്പതിനായിരം രൂപ കൊടുത്തതിനു പുറമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുതന്നെ 1996-ൽ ഓണത്തിന് ഓരോ തൊഴിലാളിക്കും ഒരാശ്വാസമായി 2000 രൂപ വേറെയും കൊടുത്തു. ആ വഴിക്ക് 2,46,96,000 രൂപ ഞാൻ അസംബ്ലിയിൽ ഉത്താവാദത്തോടുകൂടി പറയുന്നു, വെൽഫെയർ ഫണ്ടിൽ നിന്നല്ല, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് കൊടുത്തത്. ഞാൻ ക്ലിയർകട്ടായി പറയുന്നു വെൽഫെയർ ഫണ്ടിൽ നിന്നു കൊടുത്തത് വേറെ പറയാം. 2,46,96,000 രൂപ ചെലവുവഹിക്കേണ്ടിവന്നിട്ടുണ്ട്. ഇത് എല്ലാ ട്രേഡ് യൂണിയനുകൾക്കും അറിയുന്ന കാര്യമാണ്. ഗവൺമെന്റിന്റെ കൈയിൽ കൺസീലിയേഷൻ എഗ്രിമെന്റുണ്ട്. ഒരു യൂണിയനിലുണ്ടായിരുന്ന തൊഴിലാളി, കൺസീലിയേഷൻ എഗ്രിമെന്റായി ആ യൂണിയനിൽ ഒപ്പിട്ടാൽ വേറൊരു യൂണിയനിൽ ചെന്ന് അത് രണ്ടാമതും ഉന്നയിക്കാൻ നിയമമനുവദിക്കുന്നില്ലെന്നുള്ള വിവരവുമുണ്ടാകണം. 2,46,96,000 പ്ലസ് 36,99,90,000 എന്നു പറയുമ്പോൾ 40 കോടി രൂപയോളം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെല

LIBRARY ARCHIVES Kerala Legislative Assembly

വാക്കി; മൂപ്പതിനായിരം രൂപ ഒരു തൊഴിലാളിക്ക് കൊടുക്കാൻ. രണ്ടായിരം രൂപ വേറെയുംവച്ചു. അങ്ങനെ 32,000 രൂപ ഒരു തൊഴിലാളിക്ക് കൊടുത്തു. പിന്നെയാണ് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ അവരുടെ ക്ഷേമനിധി ഫണ്ടിൽനിന്ന് കൊടുത്തത്. ഇതിനുപുറമേ പി.എഫ്., ഗ്രാറ്റുവിറ്റി- അത് അവരുടെ അവകാശമാണ്. 61,54,07,261 രൂപ ആ വഴിക്കാണ് കൊടുത്തത്. അത് അവരുടെ അവകാശമാണ്. അവരുടെ ക്ഷേമനിധിയിൽ നിന്ന് കിട്ടേണ്ടതാണ്. അത് ഞാൻ ഗവൺമെന്റിന്റെ ക്രെഡിറ്റായിട്ടൊന്നും പറയുന്നില്ല. അത് ഇതിനു പുറമേ കൊടുത്തതാണ്. അപ്പോൾ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂപ്പതിനായിരം രൂപയും രണ്ടായിരം രൂപയും തൊഴിലാളികൾ കൺസീലിയേഷനിൽ ഒപ്പിട്ടതാണ്. അങ്ങനെ അത് തീർന്ന പ്രശ്നമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

It is a closed chapter. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത് ഇപ്പോൾ തുടങ്ങുന്ന കള്ളുഷാപ്പ് ലേലത്തിൽ ഈ തൊഴിലാളികൾക്ക് രണ്ടാമതും ജോലി കൊടുക്കാൻ ഒരു ഷാപ്പിൽ ഒരാളെ എടുക്കാൻ ഞാൻ നിർദ്ദേശിക്കണമെന്നാണ്. അത് നിർദ്ദേശിക്കുകയാണെങ്കിൽ ആരാണ് ഷാപ്പ് എടുക്കാൻ പോകുന്നത്? ഇപ്പോൾത്തന്നെ ഷാപ്പിൽ ഓവറായിട്ടുള്ള തൊഴിലാളികളാണ്. ഇനി ഓരോരുത്തരെയും കൂടി എടുക്കണമെന്നുപറഞ്ഞാൽ ഷാപ്പ് അവിടെ കിടക്കും. As far as the Kerala Government is concerned it is a closed Chapter. കാരണം കൺസീലിയേഷനിൽ വളരെ നേരത്തെ ചർച്ച- അന്ന് ബഹുമാനപ്പെട്ട ബേബിജോണായിരുന്നു ലേബർ മിനിസ്റ്റർ. കാലത്ത് മുതൽ വൈകുന്നേരം വരെ ഡിസ്ക്കസ് ചെയ്തിട്ട് അവരെല്ലാവരും സമ്മതിച്ച് ഒപ്പിട്ടുപോയ കേസ്സാണ്. ഇതു പിന്നെയും പിന്നെയും ഉയിർത്തെഴുന്നേൽക്കുന്നത് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഞാൻ പറയുന്നത്, as far as the Kerala Government is concerned it is a closed chapter.

(6) കാസർഗോഡ് നഗരസഭാപ്രദേശത്ത് ഭൂമി പതിച്ചുനൽകുന്നതിനുള്ള കാലതാമസം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, സംസ്ഥനത്തിലെ കൈവശഭൂമിക്കാർക്ക് ഭൂമി പതിച്ച് പട്ടയം ലഭിക്കുന്നതിനുള്ള ഏറ്റവും അധികം അപേക്ഷകരുള്ള ഒരു ജില്ലയാണ് കാസർഗോഡ് ജില്ല. റവന്യൂ വകുപ്പുമന്ത്രി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം വളരെ ആത്മാർത്ഥമായി അവിടെ വരികയും പട്ടയ വിതരണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കാവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുകയും പട്ടയം കുറെ ആളുകൾക്ക് നൽകപ്പെടുകയും ചെയ്തുവെങ്കിലും, ലാന്റ് അസൈൻമെന്റ് കമ്മിറ്റി അതിന്റെ നടപടിക്രമം പൂർത്തീകരിച്ച് തീരുമാനമെടുത്തുവെങ്കിലും, പ്രത്യേകിച്ച് നഗരസഭകളിൽ, പട്ടയം ലഭിക്കാതെ വളരെയേറെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ ആത്മാർത്ഥതയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. അതേയവസരത്തിൽ താഴേക്കിടയിൽ വിചാരിച്ച രീതിയിൽ പ്രർത്തനം നടക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആവശ്യമായ നിയമത്തിലും ചട്ടങ്ങളിലും ഈ കാര്യത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതുംകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി, നാല്പതും അൻപതും വർഷം ഭൂമി കൈവശം കിടന്നിരുന്ന നഗരസഭയ്ക്കകത്ത് പട്ടയം നൽകുന്നതിനുള്ള തടസ്സം അടുത്തകാലത്താണ് നീക്കിയ 1163/2010.

LIBRARY ARCHIVES Kerala Legislative Assembly